I/3782685/2019

പതിനാലാം കേരള നിയമസഭ

<u>പതിനഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.**4148** **24.06.2018** ൽ മറുപടിയ്ക്ക്

<u>വയനാട് കേന്ദ്രമായി കടുവ സംരക്ഷണകേന്ദ്രം</u>

| | | |
|---|---|---|
| <u>ചോദ്യം</u><br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | | <u>മറുപടി</u><br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) | വയനാട് കേന്ദ്രമായി കടുവ സംരക്ഷണകേന്ദ്രം സ്ഥാപിക്കണമെന്ന് സംസ്ഥാന സർക്കാർ ദേശീയ കടുവ സംരക്ഷണ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) 344.53 ച.കി.മീ. വിസ്തൃതിയുള്ള വയനാട് വന്യജീവി സങ്കേതം 2012-ൽ കടുവാ സങ്കേതമാക്കണമെന്ന ആവശ്യം ഉയർന്നിരുന്നു. എങ്കിലും സർക്കാർ പ്രദേശവാസികളുടെ അഭ്യർത്ഥന മാനിച്ച് ഈ ആവശ്യം പരിഗണിച്ചിരുന്നില്ല. 2014-ലെ ദേശീയ കടുവാ കണക്കെടുപ്പിന്റെ ഫലത്തിന്റെ അടിസ്ഥാനത്തിൽ വയനാട് മേഖലയിലെ കടുവാ സംരക്ഷണത്തിന്റെ പ്രാധാന്യം മുൻനിർത്തി 25.05.2019-ൽ ദേശീയ കടുവാ സംരക്ഷണ അതോറിറ്റി, പ്രസ്തുത മേഖല കടുവാ സങ്കേതമായി പ്രഖ്യാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നിലവിൽ, ഈ വിഷയത്തിൽ വനം വകുപ്പോ, സർക്കാരോ തീരുമാനം എടുത്തിട്ടില്ല. |
| (ബി) | എത്ര ചതുരശ്ര കിലോമീറ്റർ ഭൂമി കടുവ സങ്കേതമായി പ്രഖ്യാപിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | (ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ